നം.എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 05.08.2014

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം – തസ്തിക നിർണയം 2014-15 – ഓൺലൈൻ എൻട്രി നടത്താത്തതു സംബന്ധിച്ച്.**

സൂചന :-
1. ഈ ഓഫീസിൽ നിന്നുള്ള 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ
2. ഈ ഓഫീസിൽ നിന്നുള്ള 30.07.2014, 01.08.2014, 04.08.2014 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ

സൂചനയിലെ സർക്കുലറിലേക്കും കത്തുകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എല്ലാ സ്കൂളുകളുടെയും (സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സ്കൂളുകൾ ഉൾപ്പെടെ) തസ്തികകൾ സംബന്ധിച്ച കണക്ക് ഓൺലൈനിൽ എൻട്രി നടത്തണമെന്ന് നിരവധി പ്രാവശ്യം അറിയിച്ചിട്ടും സംസ്ഥാനത്തെ നൂറോളം സ്കൂളുകളിലെ തസ്തികകളുടെ എണ്ണം ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ-മാർ എന്റർ ചെയ്തതായി കാണുന്നില്ല. ഈ ഉദ്യോഗസ്ഥർ കർശനമായ അച്ചടക്ക നടപടികൾ ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. ആയതിനാൽ ഇപ്രകാരം സ്കൂളുകളുടെ എൻട്രി നടത്താതിരുന്നതിന്റെ തൃപ്തികരമായ വിശദീകരണം 06.08.2014 നുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നു വാങ്ങി ഉപഡയറക്ടർമാർ അവരുടെ റിമാർക്സ് സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇനിയും എൻട്രി നടത്താത്ത സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ 06.08.2014 രാവിലെ 11 മണിക്കുമുമ്പ് ഓൺലൈനിൽ രേഖപ്പെടുത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇക്കാര്യം മോണിറ്റർ ചെയ്ത് റിപ്പോർട്ട് 06.08.2014 ഉച്ചയ്ക്കുമുമ്പ് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ